**A** | സമഗ്ര ശിക്ഷാ കേരളം | **603**

# ആത്യന്തിക വിലയിരുത്തൽ II 2025-2026

## ഗണിതം


ക്ലാസ്: 6 | സമയം: 2 മണിക്കൂർ 15 മിനിട്ട്

### നിർദേശങ്ങൾ

1. ആകെ സമയത്തിന്റെ ആദ്യത്തെ 15 മിനിറ്റ് സമാശ്വാസ സമയമാണ്. ഈ സമയം ചോദ്യങ്ങൾ വായിച്ചു മനസ്സിലാക്കാനും ഉത്തരങ്ങൾ ആസൂത്രണം ചെയ്യാനും ഉപയോഗിക്കുക.
2. 6 ചോദ്യങ്ങൾക്ക് ഉത്തരം എഴുതണം. ചോദ്യങ്ങളിലെ ഉപചോദ്യങ്ങൾക്കെല്ലാം ഉത്തരം എഴുതണം.
3. 1, 4 എന്നിവയിൽ ഓരോന്നിലും 2 ചോദ്യങ്ങൾ വീതം ഉണ്ട്. അതിൽ ഒന്നു മാത്രം എഴുതിയാൽ മതി.

**ഒന്നാമത്തെ ചോദ്യത്തിൽ രണ്ട് ചോദ്യങ്ങളുണ്ട് (1A യും 1B യും). ഇതിൽ ഒന്നിന് മാത്രം ഉത്തരം എഴുതിയാൽ മതി.**

1.A. 72 നെ അഭാജ്യഘടകങ്ങളായി പിരിച്ചെഴുതിയത് നോക്കൂ.




a. വിട്ടുപോയ സംഖ്യകൾ കണ്ടെത്തി എഴുതുക.

b. 144 നെ അഭാജ്യസംഖ്യകളുടെ ഗുണനഫലമാക്കി എഴുതിയാൽ അതിൽ 2 എത്ര പ്രാവശ്യം ഉണ്ടായിരിക്കും?

c. രണ്ട് അഭാജ്യസംഖ്യകളുടെ തുക 13 ആണ്. അതിലെ വലിയ അഭാജ്യസംഖ്യ ഏത്?

d. താഴെ തന്നിരിക്കുന്നതിൽ ശരിയായ പ്രസ്താവന ഏതാണ്?

A. 10 ന്റെ എല്ലാ ഗുണിതങ്ങളും 30 ന്റെ ഗുണിതങ്ങളാണ്.

B. 20 ന്റെ എല്ലാ ഗുണിതങ്ങളും 30 ന്റെ ഗുണിതങ്ങളാണ്.

C. 30 ന്റെ എല്ലാ ഗുണിതങ്ങളും 15 ന്റെ ഗുണിതങ്ങളാണ്.

D. 15 ന്റെ എല്ലാ ഗുണിതങ്ങളും 30 ന്റെ ഗുണിതങ്ങളാണ്.

**അല്ലെങ്കിൽ**

1.B.a. 110 നെ അഭാജ്യസംഖ്യകളുടെ ഗുണനഫലമായി എഴുതുക.

b. 110 ന്റെ ഘടകങ്ങളുടെ എണ്ണം എത്ര?

c. 110 ന്റെ എല്ലാ ഘടകങ്ങളും എഴുതുക.

d. താഴെ കൊടുത്ത സംഖ്യകളെ അഭാജ്യസംഖ്യകളുടെ ഗുണനഫലമായി എഴുതിയാൽ അവയിൽ 2 ഉം 5 ഉം ഘടകമായി വരുന്നത് ഏത് സംഖ്യയാണ്?

A. 66    B. 30    C. 45    D. 105

2.



a. വൃത്തത്തെ ഒരുപോലെയുള്ള ഭാഗങ്ങളാക്കിയിരിക്കുന്നു. ഷേയ്ഡ് ചെയ്തത് വൃത്തത്തിന്റെ എത്ര ഭാഗമാണ്?

b. ഇതിൽ ഷേയ്ഡ് ചെയ്ത ഭാഗത്തെ സൂചിപ്പിക്കുന്ന ഭിന്നസംഖ്യയെ $\frac{1}{2}$ ന്റേയും മറ്റൊരു ഭിന്നസംഖ്യയുടെയും തുകയായി എഴുതുക.

c. $\frac{1}{4} + \frac{1}{8}$. എന്നത് ഒരു വൃത്തം വരച്ച് ഷേഡ് ചെയ്ത് കാണിക്കുക.

d. താഴെ തന്നിരിക്കുന്ന പ്രസ്താവനയും കാരണവും നോക്കൂ.

പ്രസ്താവന - $\frac{1}{3} + \frac{1}{6}$ എന്നത് $\frac{1}{2}$ നേക്കാൾ കൂടുതലാണ്.

കാരണം - $\frac{3}{6}$ എന്നത് $\frac{1}{2}$ ന് തുല്യമാണ്.

പ്രസ്താവനയും കാരണവും പരിശോധിച്ച് ചുവടെ കൊടുത്തവയിൽ ശരിയേതെന്ന് കണ്ടെത്തുക.


A. പ്രസ്താവന ശരി, കാരണം തെറ്റ്.

B. പ്രസ്താവന തെറ്റ്, കാരണം ശരി.

C. പ്രസ്താവനയും കാരണവും ശരി.

D. പ്രസ്താവനയും കാരണവും തെറ്റ്.

3.




പരസ്യം കണ്ടല്ലോ.

a. ഈ കടയിൽ നിന്ന് 100 രൂപയ്ക്ക് വസ്ത്രം വാങ്ങിയാൽ കിട്ടുന്ന വിലക്കുറവ് എത്രയാണ്?

b. അബു ഈ കടയിൽ നിന്ന് വസ്ത്രം വാങ്ങിയപ്പോൾ 90 രൂപ കുറവ് കിട്ടി. അബു എത്ര രൂപയുടെ വസ്ത്രമാണ് വാങ്ങിയത്?

c. രാജു ഈ കടയിൽ നിന്ന് 1500 രൂപയ്ക്ക് വസ്ത്രം വാങ്ങി രാജു എത്ര രൂപ കൊടുക്കണം?

d. 30% വിലക്കുറവ് എന്നതിന് തുല്യമായത് താഴെ കൊടുത്തവയിൽ ഏതെല്ലാമാണ്?

i. 500 രൂപയ്ക്ക് 100 രൂപ വിലക്കുറവ്.

ii. 150 രൂപയ്ക്ക് 60 രൂപ വിലക്കുറവ്.

iii. 1 രൂപയ്ക്ക് 30 പൈസ വിലക്കുറവ്.

iv. 1000 രൂപയ്ക്ക് 300 രൂപ വിലക്കുറവ്.

താഴെ കൊടുത്തവയിൽ ശരിയായത് എഴുതുക.

A. i ഉം ii ഉം ശരിയാണ്.

B. iii ഉം iv ഉം ശരിയാണ്.

C. ii ഉം iii ഉം ശരിയാണ്.

D. ii ഉം iv ഉം ശരിയാണ്.

**നാലാമത്തെ ചോദ്യത്തിൽ 2 ചോദ്യങ്ങളുണ്ട് (4A യും 4Bയും). ഇതിൽ ഒന്നിന് മാത്രം ഉത്തരം എഴുതിയാൽ മതി.**

4.A.

a. മൂന്നിന്റെ തുടർച്ചയായ അഞ്ച് ഗുണിതങ്ങൾ എഴുതുക.

b. അതിലെ ആദ്യത്തേയും അഞ്ചാമത്തേയും സംഖ്യകളുടെ തുകയും രണ്ടാമത്തേയും നാലാമത്തേയും സംഖ്യകളുടെ തുകയും തമ്മിൽ എന്താണ് ബന്ധം? കാരണം എന്ത്?

c. ആദ്യ സംഖ്യയുടെയും അവസാന സംഖ്യയുടെയും തുകയ്ക്ക് നടുവിലെ സംഖ്യയുമായി എന്താണ് ബന്ധം?

d. 185+299 എന്നത് താഴെ കൊടുത്തവയിൽ ഏതിന് തുല്യമാണ്?

A. 185+301 B. 186+300 C. 184+300 D. 184+298

**അല്ലെങ്കിൽ**

4.B.

a. 2, 5, 8, 11, ...................... എന്നീ സംഖ്യകളെ 3 കൊണ്ട് ഹരിക്കുമ്പോൾ ലഭിക്കുന്ന മിച്ചം എത്ര?

b. ഈ ശ്രേണിയിലെ ഏത് രണ്ട് സംഖ്യകളുടെ വ്യത്യാസവും 3 ന്റെ ഗുണിതമാണോ? എന്തുകൊണ്ട്?

c. 600-198 എന്നത് 599 ൽ നിന്ന് ഏത് സംഖ്യ കുറച്ചതിന് തുല്യമാണ്?

d. 102-98 ന് തുല്യമല്ലാത്തത് താഴെ തന്നതിൽ ഏത്?

A. 100-96 B. 104-100 C. 106-100 D. 101-97

5. a. ഒരു കടയിൽ സാധനങ്ങൾക്ക് 9% വിലക്കിഴിവ് ലഭിക്കുന്നു. 10 രൂപയുടെ സാധനം വാങ്ങുമ്പോൾ കിട്ടുന്ന വിലക്കിഴിവ് എത്രയാണ്?

b. 160 രൂപയുടെ സാധനങ്ങൾക്ക് 9% വിലക്കുറവ് ലഭിച്ചാൽ വിലക്കിഴിവ് എത്ര രൂപ?

c. 2500 രൂപയ്ക്ക് സാധനങ്ങൾ വാങ്ങുമ്പോൾ 200 രൂപ വിലക്കിഴിവ് ലഭിക്കുന്നു എങ്കിൽ വിലക്കിഴിവ് എത്ര ശതമാനം?

d. 1 രൂപയ്ക്ക് 1 പൈസ വിലക്കുറവ് എന്നതിന് തുല്യമായത് താഴെ കൊടുത്തവയിൽ ഏതാണ്?

A. 100 രൂപയ്ക്ക് 10 പൈസ	B. 10 രൂപയ്ക്ക് 10 പൈസ

C. 100 രൂപയ്ക്ക് 10 രൂപ	D. 10 രൂപയ്ക്ക് 1 രൂപ

6. രാധയ്ക്ക് തന്റെ വീട്ടിലെ പശുവിൽ നിന്നും 4.250 ലിറ്റർ പാൽ ലഭിച്ചു. ഇതിൽ 0.750 ലിറ്റർ പാൽ രാമുവിന്റെ വീട്ടിലും 1.750 ലിറ്റർ പാൽ സമീറിന്റെ വീട്ടിലും കൊടുത്തു.

a. രാമുവിനും സമീറിനും കൂടി കൊടുത്ത പാലിന്റെ ആകെ അളവ് എത്ര?

b. ബാക്കിയുള്ള പാലിന്റെ അളവ് എത്ര?

c. $\frac{25}{10} + \frac{3125}{1000}$ ന്റെ തുക ദശാംശരൂപത്തിൽ എഴുതുക.

d. 5.205 ന് തുല്യമായത് താഴെ തന്നതിൽ ഏത്?

A. $(5 \times 1) + \left(2 \times \frac{1}{10}\right) + \left(5 \times \frac{1}{100}\right)$

B. $5\frac{205}{100}$

C. $5 + \frac{2}{10} + \frac{5}{1000}$

D. $\frac{5205}{100}$